"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം - കാസറഗോഡ് ജില്ലയിലെ കുംബഡാജെ ഗ്രാമപഞ്ചായത്തിൽ ഭരണസമിതിയുടെ 29.01.2026 ലെ (7) നമ്പർ തീരുമാനം, 03.02.2026 ലെ (1) തീരുമാനം എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനു തുടർനടപടികൾക്കായി റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.910/2026/LSGD    തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം769/തസ്വഭവ, തീയതി 30.3.2023.
2. കുംബഡാജെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 07.01.2026 ലെ (3) നമ്പർ തീരുമാനം
3. കുംബഡാജെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29.01.2026 ലെ സാധാരണ യോഗത്തിലെ (7) നമ്പർ തീരുമാനം.
4. കുംബഡാജെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 03.02.2026 പ്രത്യേക യോഗത്തിലെ അടിയന്തര തീരുമാനം നം.(1).
5. കുംബഡാജെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.02.2026 ലെ 248/2025 നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ കുംബഡാജെ ഗ്രാമപഞ്ചായത്തിൽ പരാമർശം (1) ഉത്തരവിന് വിരുദ്ധമായി കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന് പുതിയ താൽക്കാലിക ഡ്രൈവറെ നിയമിക്കണമെന്ന പരാമർശം (3) തീരുമാനം പുനഃപരിശോധിക്കണമെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വിയോജന കുറിപ്പ് അംഗീകരിക്കാത്ത പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം(4) തീരുമാനം, പരാമർശം (5) പ്രകാരം പഞ്ചായത്ത് സെക്രട്ടറി തുടർ നടപടികൾക്കായി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. കുംബഡാജെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (2) തീരുമാനം പ്രകാരം കുംബഡാജെ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന് പുതിയ താൽക്കാലിക ഡ്രൈവറുടെ നിയമനം പരാമർശം (1) പ്രകാരം നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നോട്ടിഫിക്കേഷൻ നടത്തി അപേക്ഷ ക്ഷണിച്ച് അപ്രകാരം സ്കിൽ ടെസ്റ്റിന്

ഹാജരായ എട്ടു പേരിൽ വിജയിച്ച ശ്രീ വിനോദ പി പഞ്ചരികെ. ഉബ്രംഗള. കുംബഡാജെ എന്നയാൾക്ക് 50 വയസ്സ് പരാമർശം (1) പ്രകാരമുള്ള പ്രായപരിധി കഴിഞ്ഞിരുന്നുവെങ്കിലും കുംബഡാജെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (3) നമ്പർ തീരുമാനം പ്രകാരം ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത തീരുമാനം പരാമർശം (1) ഉത്തരവിനെതിരായതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയുണ്ടായി. പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് അഭ്യർത്ഥിച്ചതനുസരിച്ച് പഞ്ചായത്ത് കമ്മിറ്റി പരാമർശം (4) തീരുമാനം പ്രകാരം ടിയാനെ തന്നെ നിയമിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (5) പ്രകാരം സർക്കാരിൽ വിയോജനക്കുറിപ്പ് സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവിന് വിരുദ്ധമായി 50 വയസ്സ് പ്രായപരിധി അധികരിച്ച ശ്രീ.വിനോദ പി യെ കാസറഗോഡ് ജില്ലയിലെ കുംബഡാജെ ഗ്രാമപഞ്ചായത്തിലെ ഡ്രൈവർ തസ്തികയിൽ നിയമിച്ച ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (3), പരാമർശം(4) എന്നീ തീരുമാനങ്ങൾ 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ 4(3), സെക്ഷൻ 191 പ്രകാരം റദ്ദ് ചെയ്യുന്നതിനായി ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങൾക്കായുള്ള വകുപ്പ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശ പകർപ്പുകൾ സഹിതം ആമുഖ കത്തോടുകൂടി)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കാസറഗോഡ്
പ്രസിഡന്റ്, കുംബഡാജെ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്
സെക്രട്ടറി, കുംബഡാജെ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 87/ഇപിഎ2/2026/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 23-04-2026 16:18:56
സെക്ഷൻ ഓഫീസർ